# PIB - 27-11-2025



# ദേശഭക്തി ഊട്ടിയുറപ്പിച്ച് ഐക്യത്തോടെ ഐ.സി.എ.ആർ.–സി.ഐ.എഫ്.ടിൽ 75-ാമത് ഭരണഘടനാ ദിനാഘോഷം

Posted On: 27 NOV 2025 11:17AM by PIB Thiruvananthpuram

**കൊച്ചി:** ഐസിഎആർ–സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ഐ.സി.എ.ആർ.–സി.ഐ.എഫ്.ടി.) കൊച്ചിയിൽ 75-ാമത് ഭരണഘടനാ ദിനം ദേശഭക്തിയോടും ആവേശത്തോടും കൂടി ആഘോഷിച്ചു. രാജ്യത്തെ എല്ലാ സി.ഐ.എഫ്.ടി.കേന്ദ്രങ്ങളിലുമുള്ള ജീവനക്കാരുടെ സജീവ പങ്കാളിത്തത്തോടെയാണ് ഭരണഘടനാ ദിനം ആഘോഷിച്ചത്. ഇന്ത്യൻ ഭരണഘടന പ്രാബല്യത്തിലായതിനെ അനുസ്മരിക്കുകയും ജനാധിപത്യ മൂല്യങ്ങളോടുള്ള പ്രതിബദ്ധത പുനർബലപ്പെടുത്തുകയും ചെയ്യുകയായിരുന്നു ഈ ദിനാഘോഷത്തിന്റെ ലക്ഷ്യം.



ആഘോഷപരിപാടികളുടെ ഭാഗമായി ജീവനക്കാർ ദേശീയ പോർട്ടലിലൂടെ ഭരണഘടനയുടെ ആമുഖത്തിന്റെ ഓൺലൈൻ വായനയിലും ഭരണഘടനാ ജനാധിപത്യ ഓൺലൈൻ ക്വിസ് മത്സരത്തിലും സജീവമായി പങ്കെടുത്തു.പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ സ്ഥാപനത്തിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പങ്കുവെച്ചു.




ഐസിഎആർ–സിഐഎഫ്ടി കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ഭരണഘടനാ പ്രതിജ്ഞാ ചടങ്ങിൽ ജീവനക്കാർ ഭരണഘടനയും അതിന്റെ ആശയങ്ങളും സംരക്ഷിക്കാനുള്ള പ്രതിജ്ഞ പുതുക്കി. സി.ഐ.എഫ്.ടി.യിൽ ഒരുക്കിയ സെൽഫി സ്റ്റാൻഡും സിഗ്നേച്ചർ ക്യാംപെയ്നും ഭരണഘടനാപരമായ അവകാശങ്ങൾക്കും അടിസ്ഥാന കടമകൾക്കും പിന്തുണ പ്രദർശിപ്പിക്കുവാനുള്ള അവസരമായി മാറി.

കൂടാതെ ആഘോഷത്തിന്റെ ഭാഗമായി കുസാറ്റ് നിയമപഠന സ്കൂൾ ഡയറക്ടർ ഡോ. ബിന്ദു മോൾ നടത്തിയ പ്രഭാഷണം ദേശീയ ഐക്യത്തോടെയുള്ള കൂട്ടുത്തരവാദിത്തങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലായിരുന്നു. ഭരണഘടനാ മൂല്യങ്ങൾ, പൗരാവകാശങ്ങൾ, അടിസ്ഥാന കടമകൾ, ജനാധിപത്യ ഉത്തരവാദിത്തങ്ങൾ എന്നിവയുടെ പ്രാധാന്യം ആഴത്തിൽ പ്രതിപാദിച്ച ഈ പ്രഭാഷണം ഐക്യം, ഗൗരവം, ദേശീയ ഉത്തരവാദിത്തബോധം എന്നിവ ശക്തിപ്പെടുത്തുന്ന സന്ദേശമായി മാറി.

****